**അഭ്യർച്ച്യാഥ നമസ്കൃത്യ പാർഷദേഭ്യോ ബലിം ഹരേത്**
**മൂലമന്ത്രം ജപേദ്ബ്രഹ്മ സ്മരന്നാരായണാത്മകം (11-27-42)**
**സ്തവൈരുച്ചാവചൈ: സ്തോത്രൈ: പൌരാണൈ: പ്രാകൃതൈരപി**
**സ്തുത്വാ പ്രസീദ ഭഗവന്നിതി വന്ദേത ദണ്ഡവത് (11-27-45)**
**ശിരോ മത്പാദയോ: കൃത്വാ ബാഹുഭ്യാം ച പരസ്പരം**
**പ്രപന്നം പാഹി മാമീശ ഭീതം മൃത്യുഗ്രഹാർണ്ണവാത് (11-27-46)**
**അർച്ചാദിഷു യദാ യത്ര ശ്രദ്ധാ മാം തത്ര ചാർച്ചയേത്**
**സർവ്വഭൂതേഷ്വാത്മനി ച സർവ്വാത്മാഹമവസ്ഥിത: (11-27-48)**

*ഉദ്ധവൻ പറഞ്ഞു:*
ക്രിയായോഗമാണ് മനുഷ്യന് സാധിക്കാവുന്നതിൽ ഏറ്റവും ഉദാത്തമായുള്ളത് എന്ന് മഹർഷിവര്യൻമാർ പറഞ്ഞിട്ടുണ്ടല്ലോ. ദയവായി എനിക്കതു പഠിപ്പിച്ചു തന്നാലും.

*ഭഗവാൻ കൃഷ്ണൻ പറഞ്ഞു:*
ഞാൻ ചുരുക്കത്തിൽ ക്രിയായോഗമെന്നാൽ എന്തെന്ന് വിശദീകരിക്കാം. മൂന്നുതരത്തിൽ എന്നെ പൂജിക്കാവുന്നതാണ് - വൈദീകം, താന്ത്രികം, ഇവ കൂടാതെ രണ്ടും ചേർന്ന് മറ്റൊരു രീതി. ഏതു പാത വേണമെങ്കിലും ഒരുവന് ഇഷ്ടാനുസരണം തിരഞ്ഞെടക്കാം.

രാവിലെ ഉണർന്നു കഴിഞ്ഞാൽ ഒരുവൻ പല്ലുതേച്ച് ദേഹശുദ്ധി വരുത്തണം. ദേഹത്ത് കളിമണ്ണും മറ്റും പൂശി ഉരച്ച് കഴുകി വേണം കുളിക്കാൻ. ലൗകീകപരമായ കടമകളെ ഒന്നും അവഗണിക്കാതെ, ധർമ്മാചാരമര്യാദകളനുസരിച്ച് ജീവിച്ചുകൊണ്ട് അയാൾ എന്നെ പൂജിക്കട്ടെ. എട്ടു തരത്തിലുള്ള മൂർത്തികളാവാം - കല്ല്, മരം, ലോഹം, മണ്ണ്, ചന്ദനം, ചായം, മണൽ, വിലപിടിച്ച കല്ലുകൾ - അല്ലെങ്കിൽ മനസ്സിൽ സങ്കൽപ്പിച്ച എതെങ്കിലും ചരമോ അചരമോ ആയ മൂർത്തിയെ വച്ചും പൂജകൾ ചെയ്യാം. ആ മൂർത്തികളിൽ ഉചിതമായ പൂജകൾ ചെയ്യണം. ഹൃദയത്തിലുറപ്പിച്ച മൂർത്തിയെ പ്രേമമൊന്നുകൊണ്ട് മാത്രം പൂജിക്കണം. ഭക്തൻ, കിഴക്കോട്ടോ, വടക്കോട്ടോ അല്ലെങ്കിൽ മൂർത്തിക്കഭിമുഖമായോ ഇരുന്ന് എനിക്കും ഉചിതമായ ആസനം നൽകണം. എന്നിട്ട് സ്നാനം, വസ്ത്രം, ആഭരണങ്ങൾ, ആഹാരം എന്നിവയെല്ലാം അർപ്പിച്ച് സ്വന്തം ശരീരത്തിൽ എന്റെ സജീവസാന്നിദ്ധ്യം അനുഭവവേദ്യമാക്കിത്തീർക്കണം.

അതു കഴിഞ്ഞ് യാഗാഗ്നിയിലൂടെ എന്നെ പൂജിക്കണം. അഗ്നിയിൽ ഉചിതമായ മന്ത്രോച്ചാരണങ്ങളോടെ നെയ്യൊഴിക്കണം. അങ്ങിനെ എന്നേയും അഗ്നിയേയും പൂജിച്ചിട്ട് അയാൾ സ്വന്തം ഇഷ്ടമന്ത്രമുരുക്കഴിച്ച് അനന്തനായ നാരായണനായി എന്നെ ധ്യാനിക്കണം. പിന്നീട് പുരാണങ്ങളിലും മറ്റും ഉള്ള കീർത്തനങ്ങൾ പാടി എന്റെ മഹിമാവിലാസങ്ങളെ പ്രകീർത്തിക്കണം. ഭഗവാനേ, രക്ഷിച്ചാലും, എന്നെ സംരക്ഷിച്ചാലും എന്നാവർത്തിച്ച് എനിക്ക് മുന്നിൽ ദണ്ഡനമസ്ക്കാരം ചെയ്യണം. എന്റെ കാൽക്കൽ നമസ്ക്കരിച്ച് 'ഈ സംസാരസാഗരത്തിൽ നിന്നെന്നെ രക്ഷിക്കണമേ' എന്ന് പ്രാർത്ഥിക്കണം. എന്റെ ഭക്തന് ഏത് ഇഷ്ടരൂപത്തിലും ഭാവത്തിലും എവിടെ വച്ചും എന്നെ പൂജിക്കാം. കഴിവുള്ളവർ എനിക്കു വേണ്ടി ഒരു ദേവാലയം പണിയട്ടെ. അതുകൊണ്ട് അയാൾ വലിയ പുണ്യമാർജ്ജിക്കുന്നു.

*ഈ അദ്ധ്യായത്തിൽ പലേ തരത്തിലുള്ള കർമ്മങ്ങളെപ്പറ്റി വിവരണങ്ങളുണ്ട്. അത്തരം പൂജാക്രമങ്ങൾ ചെയ്യുന്ന ഒരാളിൽ നിന്നും നേരിട്ടാണ് ഈ കാര്യങ്ങൾ പഠിക്കേണ്ടത്.*